# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1827** — **22-03-2012-ൽ മറുപടിയ്ക്ക്**

### കാലടി പോലീസ് സ്റ്റേഷന്റെ പരിധിയിലെ കേസുകളിൽ പിടിക്കപ്പെട്ട വാഹനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | **ശ്രീ. ജോസ് തെറ്റയിൽ:** | | **ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി)** |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ കാലടി ഗ്രാമപഞ്ചായത്തിലെ ശൃംഗേരി റോഡിലും കാലടി - മലയാറ്റൂർ റോഡിലും കാലടി പോലീസ് സ്റ്റേഷൻ പരിധിയിലെ വിവിധ കേസുകളിൽ പിടിക്കപ്പെട്ട 200 ഓളം വാഹനങ്ങൾ നീക്കം ചെയ്യാത്തതിനാൽ നേരിടുന്ന ഗതാഗതക്കുരുക്ക് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഗതാഗതക്കുരുക്ക് ഉണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | ഈ വാഹനങ്ങൾ നീക്കം ചെയ്യുന്നതിലെ കാലതാമസം വിശദമാക്കാമോ; | (ബി) | പ്രസ്തുത വാഹനങ്ങൾ കോടതിയുടെ തീർപ്പിന് വിധേയമായി മാത്രമെ നീക്കം ചെയ്യുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യുവാൻ കഴിയുകയുള്ളു. |
| (സി) | ഈ വാഹനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ തീർപ്പാക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (സി) | വാഹനങ്ങളുമായി ബന്ധപ്പെട്ട പ്രസ്തുത കേസുകളിന്മേൽ കോടതിയിൽ ചാർജ് ഷീറ്റ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഈ വാഹനങ്ങൾ എന്നത്തേക്ക് നീക്കം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കോടതി ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമെ വാഹനങ്ങൾ നീക്കം ചെയ്യുവാനോ മറ്റ് നടപടികൾ സ്വീകരിക്കുവാനോ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ